"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - പാലക്കാട് ജില്ലയിലെ കൊഴിഞ്ഞമ്പാറ സെന്റ് പോൾസ് ഹൈസ്കൂൾ മാനേജർ ഫയൽ ചെയ്ത WP(C)No. 26133/2024 മേൽ ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ച 22.7.2024-ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.2247/2025/GEDN  തീയതി,തിരുവനന്തപുരം, 27-03-2025

---

പരാമർശം:-

1. പാലക്കാട് ജില്ലയിലെ കൊഴിഞ്ഞമ്പാറ സെന്റ് പോൾസ് ഹൈസ്കൂൾ മാനേജർ സർക്കാരിൽ സമർപ്പിച്ച 12/06/2024 തീയതിയിലെ പരിശോധനാ ഹർജി(Ext.P5).
2. W.P.(C) No. 26133/2024 മേലുള്ള ബഹു. കേരള ഹൈക്കോടതിയുടെ 27.02.2024 തീയതി വിധിന്യായം.
3. പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 31/12/2024, 18/01/2025 തീയതികളിലെ DDEPKD/2111/2024-B5 നമ്പർ കത്ത്.
4. കോഴിക്കോട് സൂപ്പർ ചെക്ക് സെൽ ഓഫീസറുടെ 06/01/2025 തീയതിയിലെ SCKKD/10/2024 നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ കൊഴിഞ്ഞമ്പാറ സെന്റ് പോൾസ് ഹൈസ്കൂൾ മാനേജർ ഫയൽ ചെയ്ത WP(C)No. 26133/2024 മേൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം 2 വിധിന്യായത്തിൽ ടി സ്കൂൾ മാനേജർ സർക്കാരിൽ സമർപ്പിച്ച പരാമർശം 1 പുന പരിശോധനാ ഹർജി (Ext.P5) GO (Ms) No.54/2024/പൊ.വി.വ തീയതി 1.6.2024-ലെ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം ഹർജിക്കാരനെ നേരിൽ കേട്ട് തീരുമാനമെടുക്കുവാൻ ഒന്നാം എതിർ കക്ഷിയായ പ്രിൻസിപ്പൽ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിരുന്നു. അപ്രകാരം ഹർജിക്കാരനെയും ബന്ധപ്പെട്ട കക്ഷികളെയും 8.1.2025-ൽ ഗൂഗിൾ മീറ്റ് മുഖാന്തിരം കേട്ടു.

2. **ഹർജിക്കാരന്റെ വാദങ്ങൾ ചുവടെ കൊടുക്കുന്നു.**

കൊഴിഞ്ഞമ്പാറ സെന്റ് പോൾസ് ഹൈസ്കൂളിൽ പാലക്കാട് ജില്ല വിദ്യാഭ്യാസ ഓഫീസറുടെ 8.9.2023-ലെ കെ.ഡിസ്/ഡി ഇ ഒ പി കെ ഡി/2272/2023/ബി6 നമ്പർ ഉത്തവ്വ പ്രകാരമാണ് 2023-24-ലെ തസ്തിക നിർണ്ണയം ഉത്തരവായിട്ടുള്ളത്. 6-ാം പ്രവൃത്തി ദിവസത്തെ വിദ്യാർത്ഥികളുടെ എണ്ണമനുസരിച്ച് 5-ാം തരം മുതൽ 10-ാം തരം വരെ മലയാളം മീഡിയം/തമിഴ് മീഡിയം ക്ലാസ്സുകൾ താഴെ കാണിച്ചിരിക്കും വിധം അനുവദിച്ചിരുന്നു.

| സ്റ്റാൻഡേർഡ് | മീഡിയം | V | VI | VII | VIII | IX | X | TOTAL |
|---|---|---|---|---|---|---|---|---|
| 6-ാം പ്രവർത്തി ദിവസത്തെ | മലയാളം | 73 | 98 | 124 | 313 | 282 | 312 | 1202 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| ഇഫക്ടീവ് സ്ട്രെങ്ത് | | | | | | | | |
| | തമിഴ് | 37 | 71 | 72 | 123 | 143 | 127 | 573 |
| അനുവദിച്ച ക്ലാസ്സ് ഡിവിഷനുകൾ | മലയാളം | 3 | 3 | 4 | 8 | 7 | 6 | 31 |
| | തമിഴ് | 2 | 2 | 2 | 4 | 4 | 3 | 17 |
| 2023-24-ൽ അനുവദിച്ച തസ്തികകൾ | മലയാളം | 3 | 3 | 4 | 8 | 6 | 6 | 30 |
| | തമിഴ് | 2 | 2 | 2 | 4 | 4 | 3 | 17 |

മുകളിൽ കാണിച്ചിരിക്കും വിധം മലയാളം മീഡിയത്തിൽ അപ്പർ പ്രൈമറി വിഭാഗത്തിൽ 10ഉം ഹൈസ്കൂൾ വിഭാഗത്തിൽ 21 ഉം, തമിഴ് മീഡിയത്തിൽ അപ്പർ പ്രൈമറി വിഭാഗത്തിൽ 6ഉം ഹൈസ്കൂൾ വിഭാഗത്തിൽ 11ഉം ക്ലാസ്സ് ഡിവിഷനുകളും അനുബന്ധ തസ്തികകളും അനുവദിച്ചിട്ടുണ്ട്.

ഹൈസ്കൂൾ വിഭാഗത്തിൽ നിലവിലെ സബ്ജക്ട് റേഷ്യോ പ്രകാരം താഴെ കാണിച്ചിരിക്കും വിധം തസ്തികകൾ അനുവദിക്കുകയുണ്ടായി.

| വിഷയം | മലയാളം മീഡിയം | തമിഴ് മീഡിയം |
|---|---|---|
| ഫിസിക്കൽ സയൻസ് | 4 | 2 |
| നാച്ചറൽ സയൻസ് | 3 | 2 |
| ഗണിതം | 5 | 5 |
| സോഷ്യൽ സയൻസ് | 5 | 2 |
| ഇംഗ്ലീഷ് | 4 | 2 |

30.1.2024, 29.12.2024 എന്നീ തീയതികളിൽ വിദ്യാലയത്തിൽ സൂപ്പർ ചെക്ക് വിഭാഗം ആകസ്മിക സന്ദർശനം നടത്തുകയുണ്ടായി. തുടർന്ന് രണ്ട് സന്ദർശന വേളയിലും ക്ലാസ്സിൽ ഹാജരില്ല എന്ന കാരണത്താൽ മലയാളം മീഡിയത്തിൽ പഠനം നടത്തുന്ന 24 വിദ്യാർത്ഥികളെയും തമിഴ് മീഡിയത്തിൽ പഠനം നടത്തുന്ന 23 വിദ്യാർത്ഥികളെയും ഒഴിവാക്കി കൊണ്ട് തസ്തിക പുനർനിർണ്ണയം ചെയ്യുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർ നോട്ടീസ് നൽകുകയും തുടർന്ന് 22.5.2024-ന് തിരുവനന്തപുരം പൊതുവിദ്യാഭ്യാസ ഡയറക്ടർ വാദം കേൾക്കുകയുമുണ്ടായി എന്നാൽ ഈ വിഷയത്തിൽ 2.5.2024-ലെ നോട്ടീസിൽ ഉന്നയിച്ച വാദഗതികൾ തന്നെ ആവർത്തിച്ച് കൊണ്ട് 28.5.2024-ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ ഉത്തരവാകുകയാണുണ്ടായത്.

ഈ ഉത്തരവിനെ അടിസ്ഥാനപ്പെടുത്തി പാലക്കാട് ജില്ല വിദ്യാഭ്യാസ ഓഫീസറുടെ 31.5.2024-ലെ ബി5/881/2024/ഡി.ഇ.ഒ.പി.കെ.ഡി നമ്പർ ഉത്തരവ് പ്രകാരം മലയാളം മീഡിയം ക്ലാസ്സ് ഡിവിഷനുകളിൽ ഹൈസ്കൂൾ വിഭാഗത്തിൽ 9ാം തരത്തിൽ ഒരെണ്ണവും, തമിഴ് മീഡിയം ക്ലാസ്സ് ഡിവിഷനുകളിൽ ഹൈസ്കൂൾ വിഭാഗത്തിൽ 9-ാം തരത്തിൽ ഒരെണ്ണവും കുറവ് ചെയ്യുകയുമുണ്ടായി.

യഥാർത്ഥ വസ്തുതകൾ കണക്കിലെടുക്കാതെയും രണ്ടു സന്ദർശന വേളകളിലും വിദ്യാർത്ഥികളുടെ ഹാജരില്ലായ്മയുടെ യഥാർത്ഥ വസ്തുത വിലയിരുത്താതെയും കേരള വിദ്യാഭ്യാസ നിയമനം അനുശാസിക്കുന്ന നിയമ പ്രകാരമുള്ള നടപടികളെ അംഗീകരിക്കാതെയുമാണ് ഇത്തരത്തിൽ ഉത്തരവായിട്ടുള്ളത് എന്നാണ് വസ്തുത.

കേരള വിദ്യാഭ്യാസ നിയമം അദ്ധ്യായം 23-ൽ ചട്ടം 12 അനുസരിച്ച് 6ാം പ്രവൃത്തി ദിവസത്തെ വിദ്യാർത്ഥികളുടെ എണ്ണം കണക്കിലെടുത്താണ് തസ്തിക നിർണ്ണയം ഉത്തരവായിരിക്കുന്നത്. കേരള വിദ്യാഭ്യാസ നിയമം അദ്ധ്യായം 6-ൽ ചട്ടം 17 പ്രകാരം വാസസ്ഥലമാറ്റം മൂലം ഒരു വിദ്യാർത്ഥിക്ക് പഠനം തുടരാനായില്ലെങ്കിൽ രക്ഷിതാവിന്റെ അപേക്ഷ അനുസരിച്ച് ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് നൽകുന്നതിന് ഹെഡ്മാസ്റ്റർ നിർബന്ധിതനാണ്. പത്താം തരം വരെ പഠിക്കുന്ന വിദ്യാർത്ഥികളെല്ലാം 14 വയസ്സിന് താഴെ പ്രായമുള്ളവരും തങ്ങളുടെ

രക്ഷിതാക്കൾക്കൊപ്പം താമസിച്ചു വരുന്നവരുമാണ്. തമിഴ് നാട് സംസ്ഥാനത്തിന്റെ അതിർത്തി പ്രദേശമായതിനാൽ തമിഴ്നാട്ടിലേക്ക് താമസം മാറ്റുന്നത് ഇവിടെ സർവ്വസാധാരണമാണ്. അത്തരത്തിൽ താമസ സ്ഥലംമാറ്റം മൂലം ഒരു വിദ്യാർത്ഥിയുടെ ട്രാൻസ്ഫർ സർട്ടിഫിക്കറ്റിനുള്ള അപേക്ഷ നിരസിക്കുന്നത് ചട്ടവിരുദ്ധവും പ്രധന അദ്ധ്യാപകന്റെ ചുമതലകളിലുള്ള വീഴ്ചയുമാണ് . മാത്രമല്ല സ്കൂൾ അദ്ധ്യയന വർഷത്തിനിടയിൽ ഏതെങ്കിലും വിദ്യാർത്ഥി ഈ വിദ്യാലയത്തിൽ നിന്നും ട്രാൻസ്ഫർ സർട്ടിഫിക്കറ്റുമായി മറ്റൊരു വിദ്യാലയത്തിൽ പ്രവേശനം നേടുന്നതിലൂടെ പുതിയ വിദ്യാലയത്തിലെ തസ്തിക നിർണ്ണയം പുനർ നിർണ്ണയിക്കുന്നതിനുള്ള സാഹചര്യം കെ.ഇ.ർ അദ്ധ്യായം 23-ൽ ചട്ടം 12 പ്രകാരം ഉണ്ടാകുന്നുമില്ല.

30.1.2024, 29.2.2024 നും ഹാജരില്ലാത്തതായി സൂപ്പർ ചെക്ക് സെൽ കണ്ടെത്തിയ 7 വിദ്യാർത്ഥികൾ വിദ്യാലയത്തിൽ സ്ഥിരമായി വന്നിരുന്നവരാണ്. അവരുടെ ഹാജരില്ലായ്മ തികച്ചും ആകസ്മികമാണ്.

| | | | |
|---|---|---|---|
| 1 | 30750 | ജെറിൻ അഗസ്റ്റിൻ | 7-ാം തരത്തിൽ പഠനം തുടരുന്നു |
| 2 | 31245 | ബെന്റോ | 9-ാം തരത്തിൽ തുടരുന്ന ഭിന്നശേഷി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥിയാണ്. (മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ കോപ്പി ഹാജരാക്കുന്നു) |
| 3 | 30784 | ശരവണൻ.ഡി | 8-ാം തരത്തിൽ നിന്നും 12.2.2024-ന് റോളിൽ നിന്നും നീക്കം ചെയ്തിരുന്നു. |
| 4 | 31203 | മതിവർണ്ണി.എസ് | 9-ാം തരത്തിൽ ഇപ്പോഴും പഠനം തുടരുന്നു. |
| 5 | 31064 | ശരണ്യ.കെ | 9-ാം തരത്തിൽ ഇപ്പോഴും പഠനം തുടരുന്നു. |
| 6 | 29775 | അരുൺകൃഷ്ണ.കെ | 5.2.2024-ന് പൊള്ളാച്ചി ഗോപാലപുരം ഗവ. ഹൈസ്കൂളിലേക്ക് ടി.സി നൽകിയിട്ടുള്ള വിദ്യാർത്ഥിയാണ്. |
| 7 | 29841 | അനുപ്രിയ.കെ | 2024 മാർച്ച് 10-ാം തരം പരീക്ഷയ്ക്ക് ഹാജരായിട്ടുള്ള വിദ്യാർത്ഥിയാണ്. |

കൃത്രിമ മാർഗ്ഗത്തിലൂടെ ഹാജർ നൽകിയ വിദ്യാർത്ഥികളാണെന്ന് സൂപ്പർ ചെക്ക് സെൽ കണ്ടെത്തിയിട്ടുള്ള വിദ്യാർത്ഥികളാരും തന്നെ നിയമവിരുദ്ധമായോ തസ്തിക നിലനിർത്തുന്നതിലേക്ക് ചട്ടവിരുദ്ധമായോ നിലനിർത്തിയവരല്ലെന്നുള്ളത് വ്യക്തമാണ്. ഇതിനെല്ലാമുപരി പാലക്കാട് ജില്ല വിദ്യാഭ്യാസ ഓഫീസറുടെ 31.5..2024-ലെ ബി5/881/2024/ഡി.ഇ.ഒ.പി.കെ.ഡി ഉത്തരവു പ്രകാരം മലയാളം മീഡിയം ക്ലാസ്സ് ഡിവിഷനുകൾ അനുവദിച്ചിരിക്കുന്നതിന് ഇഫക്ടീവ് സ്റ്റെങ്ത് കണക്കിലെടുത്തിട്ടുള്ളതിൽ അപാകതയുമുണ്ട്. യഥാർത്ഥത്തിൽ മലയാളം മീഡിയത്തിൽ അർഹതപ്പെട്ട ക്ലാസ്സ് ഡിവിഷനുകളിലും അനുബന്ധ തസ്തികകളിലും കുറവു വരുന്നില്ലെന്നുള്ളത് വ്യക്തമാണ്.

9-ാം തരത്തിൽ ഇഫക്ടീവ് സ്റ്റെങ്ത് 7 ക്ലാസ്സ് ഡിവിഷനുകൾ അനുവദിക്കുന്നതിന് ലഭ്യമാണ്. 8.9.2023-ന് തസ്തിക നിർണ്ണയ ഉത്തരവ് പുറപ്പെടുവിക്കുമ്പോൾ തന്നെ പാലക്കാട് ജില്ല വിദ്യാഭ്യാസ ഓഫീസർ പ്രസ്തുത തീയതി വരെ ടി.സി നൽകിയിട്ടുള്ള വിദ്യാർത്ഥികളുടെ എണ്ണം കുറവ് ചെയ്തുകൊണ്ടാണ് ഇഫക്ടീവ് സ്റ്റെങ്ത് കണക്കിലെടുത്തിരിക്കുന്നത്. എന്നാൽ പ്രസ്തുത കുട്ടികളുടെ എണ്ണം വീണ്ടും കണക്കിലെടുത്തുകൊണ്ട് തസ്തിക പുനർ നിർണ്ണയം നടത്തിയിരിക്കുന്നു.

8.9.2023-ലെ ഡി.ഇ.ഒ.പി.കെ.ഡി272/2023-ബി5/കെ ഡിസ് നമ്പർ ഉത്തരവ് പ്രകാരമുള്ള തസ്തിക നിർണ്ണയ ഉത്തരവും തസ്തിക പുനർനിർണ്ണയ ഉത്തരവിലെ അപാകതയും ചുവടെ ചേർക്കുന്നു.

**മലയാളം മീഡിയം**

| സ്റ്റാൻഡേർഡ് | V | VI | VII | VIII | IX | X | TOTAL |
|---|---|---|---|---|---|---|---|
| 6ാം പ്രവർത്തി ദിവസത്തെ കുട്ടികളുടെ എണ്ണം | 74 | 99 | 126 | 317 | 285 | 317 | 1218 |
| യു.ഐ.ഡി ഇല്ലാത്ത കുട്ടികളുടെ എണ്ണം | 1 | - | - | 3 | - | 3 | 7 |
| 6ാം പ്രവർത്തി ദിവസത്തിനു ശേഷം ടി.സി വാങ്ങിയ കുട്ടികളുടെ എണ്ണം | - | 1 | 2 | 1 | 3 | 2 | 9 |
| ഇഫക്ടീവ് സ്ട്രെങ്ത്(8.9.2023-ൽ) | 73 | 98 | 124 | 313 | 282 | 312 | 1202 |
| 8.9.2023-ന് ശേഷം ടി.സി നൽകിയ കുട്ടികളുടെ എണ്ണം | 1 | - | - | 6 | 1 | - | 8 |
| ജില്ല വിദ്യാഭ്യാസ ഓഫീസർ കുറവ് ചെയ്തിട്ടുള്ളതും ടി.സി വാങ്ങിയിട്ടുള്ള എണ്ണത്തിന് പുറമെ ടി.സി നൽകിയ കുട്ടികളുടെ എണ്ണവും കുറവു ചെയ്ത ഇഫക്ടീവ് സ്ട്രെങ്ത്തും | 72 | 98 | 124 | 307 | 281 | 312 | 1194 |
| അർഹതപ്പെട്ട ക്ലാസ്സ് ഡിവിഷനുകൾ | 3 | 3 | 4 | 8 | 7 | 6 | 31 |

6ാം പ്രവർത്തി ദിവസത്തിനു ശേഷം ടി.സി നൽകിയിട്ടുള്ള മുഴുവൻ വിദ്യാർത്ഥികളുടെ എണ്ണം കുറവു ചെയ്യുമ്പോഴും അനുവദിച്ചിട്ടുള്ള തസ്തികയിൽ യാതൊരു മാറ്റവും ഉണ്ടാവുന്നില്ല.

**തമിഴ് മീഡിയം**

| സ്റ്റാൻഡേർഡ് | V | VI | VII | VIII | IX | X | TOTAL |
|---|---|---|---|---|---|---|---|
| 6ാം പ്രവർത്തി ദിവസത്തെ കുട്ടികളുടെ എണ്ണം | 37 | 73 | 76 | 129 | 144 | 128 | 587 |
| യു.ഐ.ഡി ഇല്ലാത്ത കുട്ടികളുടെ എണ്ണം | - | 1 | 2 | 2 | - | - | 5 |
| 6ാം പ്രവർത്തി ദിവസത്തിനു ശേഷം 8.9.2023-വരെ ടി.സി വാങ്ങിയ കുട്ടികളുടെ എണ്ണം | - | 1 | 2 | 4 | 1 | 1 | 9 |
| തസ്തിക നിർണ്ണയത്തിന് കണക്കിലെടുത്ത ഇഫക്ടീവ് സ്ട്രെങ്ത് | 37 | 71 | 72 | 123 | 143 | 127 | 573 |
| 8.9.2023-ന് ശേഷം ടി.സി നൽകിയ കുട്ടികളുടെ എണ്ണം | 0 | 1 | 0 | 1 | 4 | 0 | 6 |
| തസ്തിക പുനർ നിർണ്ണയത്തിന് കണക്കിലടുക്കേണ്ട ഇഫക്ടീവ് സ്ട്രെങ്ത് | 37 | 70 | 72 | 122 | 139 | 127 | 567 |
| അർഹതപ്പെട്ട ഡിവിഷനുകൾ | 2 | 2 | 2 | 4 | 3 | 3 | 16 |
| 30.1.2024, 29.2.2024 എന്നീ തീയതികളിൽ ഹാജരില്ലെന്ന് സൂപ്പർ ചെക്ക്സെൽ കണ്ടെത്തിയിട്ടുള്ള വിദ്യാർത്ഥികളുടെ എണ്ണം | 0 | 1 | - | 4 | 1 | 1 | 7 |
| 30.1.2024, 29.2.2024 എന്നീ ദിവസങ്ങളിൽ ഹാജരില്ലാത്തവരുടെ എണ്ണം കുടി ഒഴിവാക്കികൊണ്ടുള്ള ഇഫക്ടീവ് സ്ട്രെങ്ത് | 37 | 69 | 72 | 118 | 138 | 128 | 560 |
| അർഹതപ്പെട്ട ക്ലാസ്സ് ഡിവിഷൻ | 2 | 2 | 2 | 4 | 3 | 3 | 16 |

കൃത്രിമ മാർഗ്ഗത്തിലൂടെ ഹാജർ നൽകിയ വിദ്യാർത്ഥികളാണെന്ന് സൂപ്പർ ചെക്ക് സെൽ കണ്ടെത്തിയിട്ടുള്ള വിദ്യാർത്ഥികളാരും തന്നെ നിയമ വിരുദ്ധമായി തസ്തിക നിലനിർത്തുന്നതിലേക്ക് ചട്ടവിരുദ്ധമായി നിലനിർത്തിയവരല്ല. നിയമാനുസൃതം ട്രാൻസ്ഫർ നൽകിയതുമൂലം വന്നിട്ടുള്ള വിദ്യാർത്ഥികളുടെ എണ്ണം തസ്തിക നിർണ്ണയത്തിൽ കുറവു ചെയ്യുന്നതിന് നിയമം അനുശാസിക്കുന്നില്ല.

9-ാം തരത്തിൽ തസ്തിക നിർണ്ണയ ഉത്തരവിൽ കാണിച്ചിട്ടുള്ള 144 വിദ്യാർത്ഥികളുടെ എണ്ണം യഥാർ ത്ഥത്തിൽ 6ാം പ്രവർത്തി ദിവസത്തിൽ പഠനം നടത്തുന്നവരാകയാൽ ടി.സി നൽകി എന്നതിന്റെ അടിസ്ഥാനത്തിൽ ഒരു തസ്തിക കുറവു ചെയ്യുന്നതിനുമുള്ള തീരുമാനം പുനഃപരിശോധിക്കേണ്ടതാണ്.

മുകളിൽ വിവരിച്ചിരിക്കുന്ന വസ്തുതകൾ കണക്കിലെടുക്കണമെന്നും കൊഴിഞ്ഞമ്പാറ സെന്റ് പോൾസ് ഹൈസ്കൂളിലെ 2023-24 അദ്ധ്യയന വർഷത്തെ യഥാർത്ഥ തസ്തിക നിർണ്ണയം അനുസരിച്ച് അനുവദിക്കപ്പെട്ട എല്ലാ ക്ലാസ്സ് ഡിവിഷനുകൾക്കും തസ്തികകൾക്കും നിലനില്ക്കുന്നതിനാവശ്യമായ വിദ്യാർത്ഥികൾ ഉണ്ടെന്നുള്ള യാഥാർത്ഥ്യം കണക്കിലെടുത്ത് 31.5.2024-ലെ പാലക്കാട് ജില്ല വിദ്യാഭ്യാസ ഓഫീസറുടെ ബി5/881/2024/ഡി.ഇ.ഒ.പി.കെ.ഡി നമ്പർ തസ്തിക നിർണ്ണയ ഉത്തരവു പ്രകാരം കുറവു ചെയ്ത മലയാളം മീഡിയം എച്ച്.എസ്.ടി (സോഷ്യൽ സയൻസ്) 5-ാംമത്തെ തസ്തികയും, തമിഴ് മീഡിയം എച്ച്.എസ്.ടി (ഗണിതം) മൂന്നാമത്തെ തസ്തികയും നിലനിർത്തികൊണ്ട് ഉത്തരവാകണമെന്ന് വിനീതമായി അപേക്ഷിക്കുന്നു.

**3. സൂപ്പർ ചെക്ക് ഓഫീസർ (മലബാർ മേഖല) യുടെ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.**

പാലക്കാട് ജില്ലയിലെ പാലക്കാട് വിദ്യാഭ്യാസ ജില്ലയിൽപ്പെട്ട കൊഴിഞ്ഞമ്പാറ സെന്റ് പോൾസ് ഹൈസ്കൂളിന്റെ 2023-24 വർഷത്തെ തസ്തിക നിർണ്ണയം ആറാമത്തെ പ്രവർത്തി ദിവസം സ്കൂളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം അനുസരിച്ച് 8.9.2023-ലെ DEOPKD/2272/2023 ഉത്തരവ് പ്രകാരം പാലക്കാട് ജില്ല വിദ്യാഭ്യാസ ഓഫീസർ അനുവദിക്കുകയുണ്ടായി.

<u>മലയാളം മീഡിയം</u>

2023-24 അദ്ധ്യയന വർഷത്തെ 6ാം പ്രവൃത്തി ദിവസത്തിനുശേഷം 2 കുട്ടികളെ (ക്ലാസ്സ് 10) റോളിൽ നിന്നും നീക്കം ചെയ്തിട്ടുണ്ട്. 17 കുട്ടികൾക്ക് ടി.സി നൽകിയിട്ടുണ്ട്. 5 കുട്ടികൾ സൂപ്പർ ചെക്ക് സെൽ നടത്തിയ രണ്ട് പരിശോധനകളിലും ഹാജരില്ലായിരുന്നു.

<u>തമിഴ് മീഡിയം</u>

2023-24 അദ്ധ്യയന വർഷത്തെ 6-ാം പ്രവൃത്തി ദിവസത്തിനു ശേഷം ഒരു കുട്ടിയെ (ക്ലാസ്സ് 10) റോളിൽ നിന്നും നീക്കം ചെയ്യുകയും, 15 കുട്ടികൾക്ക് ടി.സി നൽകുകയും ചെയ്തിട്ടുണ്ട്. 7 കുട്ടികൾ സൂപ്പർ ചെക്ക് സെൽ നടത്തിയ രണ്ട് പരിശോധനകളിലും ഹാജരില്ലായിരുന്നു.

സ.ഉ (പി) 5/2022/പൊ.വി.വ തീയതി 18.4.2022 പ്രകാരം ആറാം പ്രവൃത്തി ദിവസത്തിനു സേഷം ടി.സി വാങ്ങി പോവുകയോ, റോളിൽ നിന്നു നീക്കം ചെയ്യപ്പെടുകയോ ചെയ്യുന്ന വിദ്യാർത്ഥികളുടെ വിവരങ്ങൾ പ്രധാനാദ്ധ്യാപകൻ ബന്ധപ്പെട്ട ജില്ല/ഉപജില്ല വിദ്യാഭ്യാസ ഓഫീസർമാരെ നിശ്ചിത സമയപരിധിക്കുള്ളിൽ അറിയിക്കേണ്ടതാണ് എന്ന് കെ.ഇ.ആർ ഭേദഗതി വരുത്തിയിട്ടുണ്ട്. മേൽ വിട്ടുതലുകൾ മൂലം ഡിവിഷനുകളും തസ്തികകളും നഷ്ടമാവാനിടയുണ്ടെങ്കിൽ വിദ്യാഭ്യാസ ഓഫീസർമാർ

പ്രസ്തുത വിഷയം വിശദമായി പരിശോധിച്ച് ആവശ്യമാണെന്ന് കാണുന്ന മുറയ്ക്ക് തസ്തിക പുനർനിർണ്ണയിച്ച് ഉത്തരവ് നൽകേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു.

സ്കൂളിൽ കുട്ടികളെ റോളിൽ നിന്നും നീക്കം ചെയ്യുമ്പോൾ മേൽ വിവരം പ്രധാനാദ്ധ്യാപകൻ യഥാസമയം വിദ്യാഭ്യാസ ഓഫീസർമാരെ അറിയിക്കുകയും മേൽ ക്രമക്കേട് പിന്നീട് പരിശോധനയിൽ കണ്ടെത്തുകയും ചെയ്താൽ ഇതുമൂലം സർക്കാരിനുണ്ടാകുന്ന സാമ്പത്തിക നഷ്ടം ഉത്തരവാദികളായ പ്രധാനാദ്ധ്യാപകനിൽ നിന്നും ക്ലാസ്സ് അദ്ധ്യാപകരിൽ നിന്നും അച്ചടക്ക നടപടിയുടെ ഭാഗമായി ഈടാക്കുന്നതാണ് എന്നും ടി സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇപ്രകാരം വ്യക്തമായ നിർദ്ദേശം ഉണ്ടായിട്ടും ആറാം പ്രവൃത്തി ദിവസത്തിനുശേഷം സ്കൂളിൽ നിന്നും ടി.സി വാങ്ങി പോയ കുട്ടികളുടെയും, റോളിൽ നിന്നും നീക്കം ചെയ്ത കുട്ടികളുടെയും വിവരങ്ങൾ പ്രധാനാദ്ധ്യാപകൻ വിദ്യാഭ്യാസ ഓഫീസറെ അറിയിച്ചതായി കാണുന്നില്ല. പ്രസ്തുത നടപടി ക്രമവിരുദ്ധമായി തസ്തികകൾ സൃഷ്ടിക്കുന്നതിനും/നിലനിർത്തുന്നതിനും വേണ്ടിയാണ്. കൂടാതെ സൂപ്പർചെക്ക് സെൽ നടത്തിയ രണ്ട് പരിശോധനയിലും ഹാജരാകാത്ത വിദ്യാർത്ഥികൾ സ്കൂളിൽ ഹാജരാകാത്തവരാണെന്ന് ക്ലാസ്സുകളിൽ അന്നേ ദിവസങ്ങളിൽ ഹാജരായ കുട്ടികളോട് നടത്തിയ അന്വേഷണത്തിൽ ബോദ്ധ്യമായിട്ടുണ്ട്.

കൃത്രിമ അഡ്മിഷനുകൾ ഒഴിവാക്കി വിദ്യാർത്ഥികളുടെ യഥാർത്ഥ എണ്ണം കണക്കിലെടുത്ത് കൊഴിഞ്ഞമ്പാറ സെന്റ് പോൾസ് ഹൈസ്കൂളിന്റെ 2023-24 വർഷത്തെ തസ്തിക നിർണ്ണയം പുതുക്കി മലയാളം മീഡിയത്തിലും തമിഴ് മീഡിയത്തിലും ഒമ്പതാം ക്ലാസ്സിൽ ഓരോ ഡിവിഷനും അനുബന്ധ തസ്തികകളും റദ്ദാക്കി ഉത്തരവായിട്ടുണ്ട്.

കൃത്രിമ അഡ്മിഷൻ മുഖേന ഡിവിഷനുകളും തസ്തികകളും ഉണ്ടാക്കിയതു വഴി വിദ്യാർത്ഥികൾക്ക് അനുവദിക്കപ്പെട്ട സൗജന്യ ടെക്സ്റ്റ് ബുക്ക്, യൂണിഫോം,ഉച്ചഭക്ഷണ ചെലവ്, സൗജന്യ അരി, അദ്ധ്യാപകർക്ക് നൽകിയ ശമ്പളം എന്നീ ഇനങ്ങളിൽ സർക്കാരിന് അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടായിട്ടുണ്ടെങ്കിൽ ഇത് പ്രധാനാദ്ധ്യാപകന്റെയും കൃത്രിമ അഡ്മിഷൻ റോളിൽ നിലനിർത്തിയ ക്ലാസ്സ് അദ്ധ്യാപകരുടെയും ബാദ്ധ്യതയായി കണക്കാക്കേണ്ടതാണ്. ഈ തുക പ്രധാനാദ്ധ്യാപകനിൽ നിന്നും ക്ലാസ്സ് അദ്ധ്യാപകനിൽ നിന്നും അച്ചടക്ക നടപടിയുടെ ഭാഗമായി ഈടാക്കേണ്ടതുണ്ട്. വിദ്യാർത്ഥികളുടെ എണ്ണം പെരുപ്പിച്ച്കാണിച്ച് അനധികൃത ഡിവിഷനുകളും തസ്തികകളും നേടിയെടുക്കുന്നത് വഴി സർക്കാർ ഖജനാവിന് ഉണ്ടാകുന്ന നഷ്ടം അതിഭീമമാണ്. ആയതിനാൽ കൃത്രിമ അഡ്മിഷൻ വഴി അനധികൃത തസ്തികകൾ നേടിയെടുത്ത സ്കൂൾ അധികൃതർക്കെതിരെ കർശന നടപടി സ്വീകിക്കേണ്ടതാണെന്ന് റിപ്പോർട്ട് ചെയ്യുന്നു.

4. **പാലക്കാട് ജില്ല വിദ്യാഭ്യാസ ഓഫീസറുടെ റിപ്പോർട്ട് താഴെ പറയും പ്രകാരമാണ്.**

കൊഴിഞ്ഞമ്പാറ സെന്റ് പോൾസ് ഹൈസ്കൂളിലെ 2023-24 അദ്ധ്യയന വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവ് പുറപ്പെടുവിച്ചതിനുശേഷം പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ സൂപ്പർ ചെക്ക് സെൽ പരിശോധനയുമായി ബന്ധപ്പെട്ട് തസ്തിക നിർണ്ണയത്തിലെ കൃത്രിമ അഡ്മിഷൻ നടത്തി സർക്കാരിന് സാമ്പത്തിക ബാദ്ധ്യത ഉണ്ടാക്കിയതിന്, സ്കൂൾ പ്രധാനാദ്ധ്യാപകനെതിരെയും

കൃത്രിമ അഡ്മിഷനുകൾ ക്ലാസ്സുകളിൽ നിലനിർത്തിയ അദ്ധ്യാപകർക്കെതിരെയും കേരള വിദ്യാഭ്യാസ ചട്ടം 1958 സെക്ഷൻ 12എ അനുസരിച്ച് നടപടിക്രമങ്ങൾ പൂർത്തിയാക്കി മാനേജർ അച്ചടക്ക നടപടിയെടുത്ത് വിവരം ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസറെ അറിയിക്കണമെന്നും, മാനേജർ യഥാസമയം അച്ചടക്ക നടപടി സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തുന്ന പക്ഷം ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർ അദ്ധ്യാപകർക്കെതിരെ കെ.ഇ.ആർ ചട്ടപ്രകാരമുള്ള അച്ചടക്ക നടപടി സ്വീകരിക്കേണ്ടതാണെന്നും കൃത്രിമ അഡ്മിഷനിലൂടെയുള്ള അനധികൃത തസ്തിക നിർണ്ണയം വഴി സർക്കാരിന് സാമ്പത്തിക ബാധ്യത ഉണ്ടായിട്ടുണ്ടെങ്കിൽ (അദ്ധ്യാപകരുടെ ശമ്പളം, വിദ്യാർത്ഥികളുടെ യൂണിഫോം, പാഠപുസ്തകം, ഉച്ചഭക്ഷണം, സൗജന്യ അരി, സ്കോളർഷിപ്പുകൾ തുടങ്ങിയ ഇനത്തിൽ) തിട്ടപ്പെടുത്തി പ്രധാനാദ്ധ്യാപകനിൽ നിന്നും ക്ലാസ്സ് അദ്ധ്യാപകരിൽ നിന്നും അച്ചടക്ക നടപടിയുടെ ഭാഗമായി മാനേജർ ഈടാക്കേണ്ടതും വിവരം പൊതുവിദ്യാഭ്യാസ ഡയറക്ടറെ അറിയിക്കേണ്ടതുമാണെന്ന് ഉത്തരവിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തസ്തിക നിർണ്ണയം പുനഃക്രമീകരിച്ച് പാലക്കാട് ജില്ല വിദ്യാഭ്യാസ ഓഫീസിൽ നിന്ന് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പുനഃക്രമീകരിച്ച തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം മുൻ തസ്തിക നിർണ്ണയ ഉത്തരവിൽ നിന്നും 2 അദ്ധ്യാപകർക്കാണ് തസ്തിക നഷ്ടപ്പെടുന്നത്. മലയാളം മീഡിയം 9-ാം ക്ലാസ്സിൽ ഒരു ഡിവിഷനും തമിഴ് മീഡിയത്തിൽ ഒരു ഡിവിഷനും അനുബന്ധ തസ്തികകളുമാണ് കുറവ് വരുന്നത്. മലയാളം മീഡിയം എച്ച്.എസ്.ടി കോർ വിഷയത്തിൽ സാമൂഹ്യശാസ്ത്രവും തമിഴ് മീഡിയം എച്ച്.എസ്.ടി കോർ വിഷയത്തിൽ ഗണിത ശാസ്ത്രവുമാണ് കുറവ് വരുന്നത്.

തസ്തിക നിർണ്ണയം പുനർനിർണ്ണയിച്ചപ്പോൾ കുറവ് വന്ന അഞ്ചാമത്തെ സാമൂഹ്യശാസ്ത്ര തസ്തിക ഒഴിഞ്ഞുകിടക്കുന്നതിനാൽ ആരും തന്നെ പുറത്തു പോകുന്നില്ല. എന്നാൽ തസ്തിക നിർണ്ണയം പുനർനിർണ്ണയിച്ചപ്പോൾ കുറവ് വന്ന മൂന്നാമത്തെ ഗണിത ശാസ്ത്ര തസ്തികയിൽ ശ്രീ.ജേർലിൻ സവരിമുത്തുവിന് 5.11.2001 മുതൽ നിയമനാംഗീകാരമുള്ളതിനാൽ സംരക്ഷണാനുകൂല്യമുണ്ട്. ആയതിനാൽ ടിയാനെ സംരക്ഷിതാദ്ധ്യാപകരുടെ ലിസ്റ്റിൽ ഉൾപ്പെടുത്താൻ പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് ശുപാർശ ചെയ്തിരുന്നെങ്കിലും, മാറ്റി നിയമിക്കാത്ത സാഹചര്യത്തിലും, ടി സ്കൂളിൽ തന്നെ 15.7.2023 മുതൽ 31.3.2024 വരെ തസ്തികയില്ലാതെ ജോലി ചെയ്തതിനാലും ആ കാലയളവിൽ കൈപ്പറ്റിയ ശമ്പളവും മറ്റാനുകൂല്യങ്ങളും സർക്കാരിന് ബാദ്ധ്യതയായിരിക്കുന്നു. മേൽ കാലയളവിൽ അധികമായി കൈപ്പറ്റിയ വേതനം സ്പാർക്ക് പ്രകാരം കണക്കാക്കി മാനേജരോട് സമർപ്പിക്കാൻ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അധികമായി കൈപ്പറ്റിയ തുക കണക്കാക്കി രേഖകൾ സഹിതം സമർപ്പിച്ചിട്ടുണ്ട്. 15.7.2023-31.3.2024 വരെ അധികമായി കൈപ്പറ്റിയ തുക 713166/- (ഏഴ് ലക്ഷത്തി പതിമൂവായിരത്തി ഒരുനൂറ്റി അറുപത്തിയാറ് രൂപ മാത്രം) ആണെന്ന് രേഖകൾ പരിശോധിച്ചപ്പോൾ അറിയാൻ കഴിഞ്ഞു.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ സൂപ്പർ ചെക്ക് സെൽ പരിശോധനയുമായി ബന്ധപ്പെട്ട് തസ്തിക നിർണ്ണയത്തിലെ 47 കുട്ടികളുടെ (മലയാളം മീഡിയം-24 തമിഴ് മീഡിയം-23) കൃത്രിമ അഡ്മിഷൻ മൂലം സർക്കാരിനും സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുണ്ട്. മലയാളം മീഡിയം 12 കുട്ടികളുടെയും, തമിഴ് മീഡിയം 14 കുട്ടികളുടെയും യൂണിഫോം, പാഠപുസ്തകം, ഉച്ചഭക്ഷണം, സൗജന്യ അരി, സ്കോളർഷിപ്പുകൾ എന്നിവ നൽകിയത് മൂലമുണ്ടായ ബാദ്ധ്യതയാണ് തിട്ടപ്പെടുത്തേണ്ടതായി കാണുന്നത്.

**1.നൂൺ മീൽ**

മേൽ സൂചിപ്പിച്ച മലയാളം, തമിഴ് മീഡിയം വിദ്യാർത്ഥികളിൽ ആരെല്ലാം ഉച്ചഭക്ഷണം കഴിക്കുന്നുണ്ടെന്ന് പരിശോധിക്കുവാനും ആയത് പ്രകാരം ഒരു കുട്ടിക്ക് ഒരു ദിവസത്തിൽ നൂൺമീൽ ഇനത്തിൽ എത്ര ബാധ്യത വരുമെന്നും, 2023-24 വർഷത്തിൽ, സൗജന്യ അരിവിതരണം (ഓണം, ക്രിസ്തുമസ്) നടത്തിയിട്ടുണ്ടെങ്കിൽ ഒരു കുട്ടിക്ക് എത്ര ചെലവ് വരുമെന്നുമുള്ള റിപ്പോർട്ട് ആവശ്യപ്പെട്ടുകൊണ്ട് ചിറ്റൂർ ഉപജില്ല വിദ്യാഭ്യാസ ഓഫീസർക്ക് കത്ത് അയച്ചിട്ടുണ്ട്.

**2.യൂണിഫോം**

മേൽ പരാമർശിച്ച അതെ കുട്ടികൾക്ക് 2023-24 അദ്ധ്യയന വർഷത്തിൽ സൗജന്യ യൂണിഫോമോ, യൂണിഫോം തുകയോ ടി സ്കൂളിലെ കുട്ടികൾക്ക് അനുവദിച്ചിട്ടുണ്ടെങ്കിൽ ബാധ്യത കണക്കാക്കികൊണ്ടുള്ള റിപ്പോർട്ടും, അനുവദിച്ചിട്ടില്ലെങ്കിൽ ആയതിന്റെ റിപ്പോർട്ടും ആവശ്യപ്പെട്ടുകൊണ്ട് ചിറ്റൂർ ബ്ലോക്ക് പ്രോഗ്രാമിങ് ഓഫീസർക്ക് കത്ത് അയച്ചിട്ടുണ്ട്.

**3.സ്കോളർഷിപ്പ്**

എസ്.സി സ്കോളർഷിപ്പ് (LUMPSUM GRANT, PRIMARY SECONDARY AID) NATIONAL SCHOLARSHIP എന്നീ രേഖകൾ പരിശോധിച്ച് ആയതിൽ ഭിന്നശേഷി വിഭാഗം കുട്ടികൾ (CWSN) ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് ആവശ്യപ്പെട്ടുകൊണ്ട് പ്രധാനാദ്ധ്യാപികയ്ക്ക് കത്ത് അയച്ചിട്ടുണ്ട്. ടി സ്കൂളിലെ 8,9,10 ക്ലാസ്സുകളിലെ മേൽ കാണിച്ച കുട്ടികൾക്ക് IEDSS സ്കോളർഷിപ്പോ (FRESH/RENEWAL) ഭിന്നശേഷി ഉപകരണങ്ങളോ വിതരണം നടത്തിയിട്ടുണ്ടോ എന്നുമുള്ള റിപ്പോർട്ട് ആവശ്യപ്പെട്ടുകൊണ്ട് ചിറ്റൂർ ബ്ലോക്ക് പ്രോഗ്രാമിങ് ഓഫീസർക്ക് കത്ത് അയച്ചിട്ടുണ്ട്

**4.പാഠപുസ്തകം**

മേൽ സൂചിപ്പിച്ച മലയാളം തമിഴ് മീഡിയം 5,6,7,8 ക്ലാസ്സുകളിലെ കുട്ടികൾക്ക് സൗജന്യമായി നൽകിയ പാഠപുസ്തകത്തിന്റെ തുക കണക്കാക്കി ഒരു കുട്ടിക്ക് എത്ര ചെലവ് വരുമെന്നുള്ള റിപ്പോർട്ട് ആവശ്യപ്പെട്ടുകൊണ്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ചാർജ്ജ് ഉള്ള അദ്ധ്യാപകനിൽ നിന്നും പ്രധാനാദ്ധ്യാപകനിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടുകൊണ്ട് കത്ത് അയച്ചിട്ടുണ്ട്.

**5. ഹിയറിംഗിൽ നിർദ്ദേശിച്ച പ്രകാരം ജില്ലാ വിദ്യാഭ്യാസ ഓഫീസർ പുനഃപരിശോധന നടത്തി സമർപ്പിച്ച റിപ്പോർട്ട് ചുവടെ ചേർക്കുന്നു.**

കൊഴിഞ്ഞമ്പാറ സെന്റ് പോൾസ് ഹൈസ്കൂൾ മാനേജർ ബഹു.ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത റിട്ട് ഹർജിയുടെ വിധിന്യായത്തിന്റെ ഭാഗമായുള്ള ഹിയറിംഗ് 8.1.2025-ന് നടന്നു. ആയതിൽ 8.9.2023-ലെ DEOPKD/2272/2023 B5/KDIS നമ്പർ തസ്തിക നിർണ്ണയ ഉത്തരവ് ഇറക്കുമ്പോൾ അതുവരെ ട്രാൻസ്ഫർ ആയിപ്പോയ 18 (യു.പി മുതൽ ഹൈസ്കൂൾ വരെ) കുട്ടികളെ കുറച്ചാണ് തസ്തിക നിർണ്ണയം നടത്തിയതെന്നും അതേ കുട്ടികളെ സൂപ്പർ ചെക്ക് സെൽ പരിശോധന

റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും മാനേജരുടെ പ്രതിനിധി വാദം ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ ഫയൽ പുനപരിശോധന നടത്തി.

അപ്രകാരം മലയാളം മീഡിയം യു.പി യിൽ 3 കുട്ടികളും ഹൈസ്കൂളിൽ 6 കുട്ടികളും, തമിഴ് മീഡിയം യു.പി യിൽ 3 കുട്ടികളും ഹൈസ്കൂളിൽ 6 കുട്ടികളും തസ്തിക നിർണ്ണയ ഉത്തരവിൽ ഉൾപ്പെട്ടിട്ടുണ്ട് എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിരുന്നില്ല. മാത്രവുമല്ല, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ എസ്.സി.കെ.കെ.ഡി/10/2024 16.5.2024-ലെ കത്ത് പ്രകാരം തസ്തിക നിർണ്ണയ ഉത്തരവ് അടിയന്തിര പ്രാധാന്യത്തിൽ 31.5.2024 നുള്ളിൽ പുനഃക്രമീകരിക്കണമെന്ന നിർദ്ദേശത്താലാണ് മേൽ പറഞ്ഞ 18 കുട്ടികൾ രണ്ടാമതും കുറച്ച സാഹചര്യം ഉണ്ടായതെന്ന് റിപ്പോർട്ട് ചെയ്യുന്നു. മേൽ പ്രസ്താവിച്ച 18 കുട്ടികളെ ഒഴിവാക്കികൊണ്ട് ചുവടെ ചേർക്കുംപ്രകാരം പുനഃക്രമീകരിക്കാവുന്നതാണ്.

മലയാളം മീഡിയം

| CLASS | MEDIUM | V | VI | VII | VIII | IX | X | TOTAL |
|---|---|---|---|---|---|---|---|---|
| 6th Working day strength | MAL | 74 | 99 | 126 | 317 | 283 | 317 | 1218 |
| Effective Strength | MAL | 73 | 98 | 124 | 313 | 282 | 312 | 1202 |
| Students to be Exempted | | 1 | | | 7 | 4 | 3 | 15 |
| Actual Roll Strength after super check inspection | | 72 | 98 | 124 | 306 | 278 | 309 | 1187 |
| No. of divisions sanctioned as per SF 2023-24 | | 3 | 3 | 4 | 8 | 7 | 6 | 31 |
| Direction from super check inspection eligible for divisions | | 3 | 3 | 4 | 8 | 6 | 6 | 30 |
| Divisions revised sanctioned | | 3 | 3 | 4 | 8 | 7 | 6 | 31 |

**തമിഴ് മീഡിയം**

| CLASS | MEDIUM | V | VI | VII | VIII | IX | X | TOTAL |
|---|---|---|---|---|---|---|---|---|
| 6th Working day strength | TAM | 37 | 73 | 76 | 129 | 144 | 128 | 587 |
| Effective Strength | TAM | 37 | 71 | 72 | 123 | 143 | 127 | 573 |
| Students to be Exempted | | | 2 | | 5 | 5 | 2 | 14 |
| Actual Roll Strength after super check inspection | | 37 | 69 | 72 | 118 | 138 | 125 | 559 |
| No. of divisions sanctioned as per SF 2023-24 | | 2 | 2 | 2 | 4 | 4 | 3 | 17 |
| No. of divisions eligible after super check inspection | | 2 | 2 | 2 | 4 | 3 | 3 | 16 |
| Excess division sanctioned | | | | | | 1 | | |

മേൽ പ്രകാരം മലയാളം മീഡിയം 9-ാം ക്ലാസ്സിലെ ഒരു ഡിവിഷൻ തിരികെ ലഭിക്കുകയും ആയത് പ്രകാരം എച്ച്.എസ്.ടി കോർ വിഷയത്തിൽ സാമൂഹ്യശാസ്ത്രം തിരികെ ലഭിക്കുകയും ചെയ്യുന്നു. എന്നാൽ തമിഴ് മീഡിയത്തിൽ ഒരു ഡിവിഷനും അനുബന്ധ തസ്തികയും കുറവ് വരുന്നതിനാൽ

തസ്തിക നിർണ്ണയം പുനർനിർണ്ണയിച്ചപ്പോൾ കുറവ് വന്ന മൂന്നാമത്തെ ഗണിത ശാസ്ത്ര തസ്തികയിൽ ശ്രീ.ജേർലിൻ സവരിമുത്തുവിന് നിലനിൽക്കാനുള്ള ഒഴിവില്ല. (15.7.2023-31.3.2024)
വിദ്യാർത്ഥികളുടെ യൂണിഫോം, പാഠപുസ്തകം, ഉച്ചഭക്ഷണം, സൗജന്യ അരി, സ്കോളർഷിപ്പുകൾ എന്നിവ നൽകിയത് മൂലമുണ്ടായ ബാദ്ധ്യതയിൽ നിന്ന് മേൽ പ്രസ്താവിച്ച യു.പി മുതൽ ഹൈസ്കൂൾ വരെ ടി.സി വാങ്ങിപോയ 18 കുട്ടികളെ ഒഴിവാക്കുന്നതാണ്. മേൽ പ്രകാരം 2023-2024 തസ്തിക നിർണ്ണയം പുനഃക്രമീകരിക്കുന്നതാണ് എന്ന് റിപ്പോർട്ട് ചെയ്യുന്നു.

6. സർക്കാർ ഇക്കാര്യം നിലവിലുള്ള ചട്ടങ്ങളുടെയും ഉത്തരവുകളുടെയും, ഹിയറിംഗ് സമയത്തെ വാദം, ലഭ്യമായ റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. കൊഴിഞ്ഞമ്പാറ സെന്റ് പോൾസ് ഹൈസ്കൂളിലെ 2023-24 അദ്ധ്യയന വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവ് പുറപ്പെടുവിച്ചതിനുശേഷം പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ സൂപ്പർ ചെക്ക് സെൽ പരിശോധനയുമായി ബന്ധപ്പെട്ട്, തസ്തിക നിർണ്ണയത്തിലെ കൃത്രിമ അഡ്മിഷൻ നടത്തി സർക്കാരിന് സാമ്പത്തിക ബാദ്ധ്യത ഉണ്ടാക്കിയതിന് സ്കൂൾ പ്രധാനാദ്ധ്യാപകനെതിരെയും, കൃത്രിമ അഡ്മിഷനുകൾ ക്ലാസ്സുകളിൽ നിലനിർത്തിയ അദ്ധ്യാപകർക്കെതിരെയും കേരള വിദ്യാഭ്യാസ ചട്ടം 1958 സെക്ഷൻ 12 എ അനുസരിച്ച് നടപടിക്രമങ്ങൾ പൂർത്തിയാക്കി മാനേജർ അച്ചടക്ക നടപടിയെടുത്ത് വിവരം ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസറെ അറിയിക്കണമെന്നും, മാനേജർ യഥാസമയം അച്ചടക്ക നടപടി സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തുന്ന പക്ഷം ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർ അദ്ധ്യാപകർക്കെതിരെ കെ.ഇ.ആർ ചട്ടപ്രകാരമുള്ള അച്ചടക്ക നടപടി സ്വീകരിക്കേണ്ടതാണെന്നും, കൃത്രിമ അഡ്മിഷനിലൂടെയുള്ള അനധികൃത തസ്തിക നിർണ്ണയം വഴി സർക്കാരിന് സാമ്പത്തിക ബാധ്യത ഉണ്ടായിട്ടുണ്ടെങ്കിൽ (അദ്ധ്യാപകരുടെ ശമ്പളം, വിദ്യാർത്ഥികളുടെ യൂണിഫോം, പാഠപുസ്തകം, ഉച്ചഭക്ഷണം, സൗജന്യ അരി, സ്കോളർഷിപ്പുകൾ തുടങ്ങിയ ഇനത്തിൽ) തിട്ടപ്പെടുത്തി പ്രധാനാദ്ധ്യാപകനിൽ നിന്നും ക്ലാസ്സ് അദ്ധ്യാപകരിൽ നിന്നും അച്ചടക്ക നടപടിയുടെ ഭാഗമായി മാനേജർ ഈടാക്കേണ്ടതും വിവരം പൊതുവിദ്യാഭ്യാസ ഡയറക്ടറെ അറിയിക്കേണ്ടതുമാണെന്ന് 28.5.2024 ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവിൽ നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ തസ്തിക നിർണ്ണയം പുനഃക്രമീകരിച്ച് 31.5.2024 ൽ പാലക്കാട് ജില്ല വിദ്യാഭ്യാസ ഓഫീസിൽ നിന്ന് ഉത്തരവാകുകയും, തുടർന്ന് നൂൺമീൽ, യൂണിഫോം, സ്കോളർഷിപ്പ്, പാഠപുസ്തകം എന്നിവ സംബന്ധിച്ച ബാധ്യത തിട്ടപ്പെടുത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ചിറ്റൂർ ഉപജില്ല വിദ്യാഭ്യാസ ഓഫീസർക്കും, ചിറ്റൂർ ബ്ലോക്ക് പ്രോഗ്രാമിംഗ് ഓഫീസർക്കും, സ്കൂൾ പ്രധാനാദ്ധ്യാപികയ്ക്കും കത്ത് നൽകിയിട്ടുള്ളതായും പാലക്കാട് ജില്ല വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി ഉത്തരവുകൾക്കെതിരെയാണ് സ്കൂൾ മാനേജർ ബഹു. ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ ഫയൽ ചെയ്തിട്ടുള്ളത്. 2023-24 അദ്ധ്യയന വർഷത്തെ യഥാർത്ഥ തസ്തിക നിർണ്ണയം അനുസരിച്ച് അനുവദിക്കപ്പെട്ട എല്ലാ ക്ലാസ്സ് ഡിവിഷനുകൾക്കും തസ്തികകൾക്കും നിലനില്ക്കുന്നതിനാവശ്യമായ വിദ്യാർത്ഥികൾ ഉണ്ടെന്നുള്ള യാഥാർത്ഥ്യം കണക്കിലെടുത്ത് 31.5.2024-ലെ പാലക്കാട് ജില്ല വിദ്യാഭ്യാസ ഓഫീസറുടെ ബി5/881/2024/ഡി.ഇ.ഒ.പി.കെ.ഡി നമ്പർ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം കുറവ് ചെയ്ത മലയാളം മീഡിയം എച്ച്.എസ്.ടി (സോഷ്യൽ സയൻസ്) തസ്തികയും, തമിഴ് മീഡിയം എച്ച്.എസ്.ടി (ഗണിതം) തസ്തികയും നിലനിർത്തികൊണ്ട് ഉത്തരവാകണമെന്നതാണ് സ്കൂൾ മാനേജരുടെ ആവശ്യം.

8.1.2025-ൽ നടന്ന ഹിയറിംഗിൽ 8.9.2023-ൽ പാലക്കാട് ജില്ല വിദ്യാഭ്യാസ ഓഫീസർ പുറപ്പെടുവിച്ച തസ്തിക നിർണ്ണയ ഉത്തരവിൽ അതുവരെ ട്രാൻസ്ഫർ ആയിപ്പോയ 18 കുട്ടികളെ (യു.പി മുതൽ ഹൈസ്കൂൾ വരെ) കുറച്ചാണ് തസ്തിക നിർണ്ണയം നടത്തിയതെന്നും, അതേ കുട്ടികളെ സൂപ്പർ ചെക്ക് പരിശോധനയിൽ വീണ്ടും ഉൾപ്പെടുത്തിയിരിക്കുകയാണെന്നും മാനേജരുടെ പ്രതിനിധി വാദം ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ പുനഃപരിശോധന നടത്തി റിപ്പോർട്ട് പുനഃസമർപ്പിക്കുവാൻ

പാലക്കാട് ജില്ല വിദ്യാഭ്യാസ ഓഫീസർക്ക് സർക്കാരിൽ നിന്നും നിർദ്ദേശം നൽകിയിരുന്നു.

അപ്രകാരം പുനഃപരിശോധിച്ചപ്പോൾ, മലയാളം മീഡിയത്തിൽ യു.പി യിൽ 3 കുട്ടികളും, ഹൈസ്കൂളിൽ 6 കുട്ടികളും, തമിഴ് മീഡിയം യു.പി യിൽ 3 കുട്ടികളും, ഹൈസ്കൂളിൽ 6 കുട്ടികളും തസ്തിക നിർണ്ണയ ഉത്തരവിൽ ഉൾപ്പെട്ടിരുന്നു എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിരുന്നില്ല എന്നും, തസ്തിക നിർണ്ണയ ഉത്തരവ് അടിയന്തിര പ്രാധാന്യത്തിൽ 31.5.2024 നുള്ളിൽ പുനഃക്രമീകരിക്കണമെന്ന പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നിർദ്ദേശം ഉണ്ടായിരുന്നതിനാലാണ് മേൽപ്പറഞ്ഞ 18 കുട്ടികളെ രണ്ടാമതും കുറച്ച സാഹചര്യം ഉണ്ടായതെന്നും പാലക്കാട് ജില്ല വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്യുന്നു.

പുനഃപരിശോധനയിൽ മലയാളം മീഡിയം 9ാം ക്ലാസ്സിലെ ഒരു ഡിവിഷൻ തിരികെ ലഭിക്കുകയും, ആയത് പ്രകാരം എച്ച്.എസ്.ടി (സോഷ്യൽ സയൻസ്) തിരികെ ലഭിക്കുകയും ചെയ്യുന്നു. എച്ച്.എസ്.ടി (സോഷ്യൽ സയൻസ്) തസ്തിക ഒഴിഞ്ഞു കിടക്കുന്നു. എന്നാൽ തമിഴ് മീഡിയത്തിൽ ഒരു ഡിവിഷനും അനുബന്ധ തസ്തികയും പുന:പരിശോധനയിലും കുറവ് വരുന്നുണ്ട്. ആയതിനാൽ എച്ച്.എസ്.ടി (ഗണിതം) തസ്തികയിൽ ശ്രീ.ജേർലിൻ സവാരിമുത്തുവിന് 15.7.2023 മുതൽ 31.3.2024 വരെ നിലനിൽക്കുവാനുള്ള ഒഴിവില്ല. ടിയാന് 5.11.2011 മുതൽ സംരക്ഷണാനുകൂല്യമുള്ളതിനാൽ, സംരക്ഷിതാദ്ധ്യാപകരുടെ ലിസ്റ്റിൽ ഉൾപ്പെടുത്താൻ പാലക്കാട് ജില്ല വിദ്യാഭ്യാസ ഉപഡയറക്ടർക്ക് ശുപാർശ ചെയ്തിരുന്നുവെങ്കിലും, മാറ്റി നിയമിക്കാത്ത സാഹചര്യത്തിലും, ടി സ്കൂളിൽ തന്നെ 15.7.2023 മുതൽ 31.3.2024 വരെ തസ്തികയില്ലാതെ ജോലി ചെയ്തതിനാലും, ടി കാലയളവിൽ കൈപ്പറ്റിയ ശമ്പളവും മറ്റാനുകൂല്യങ്ങളും സർക്കാരിന് ബാധ്യതയായിരിക്കുന്നു. ടി ബാധ്യത 7,13,166/- രൂപയാണെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ട്.

പുന:പരിശോധനയുടെ അടിസ്ഥാനത്തിൽ, വിദ്യാർത്ഥികളുടെ യൂണിഫോം, പാഠപുസ്തകം, ഉച്ചഭക്ഷണം, സൗജന്യ അരി, സ്കോളർഷിപ്പുകൾ എന്നിവ നൽകിയത് മൂലമുണ്ടായ ബാധ്യതയിൽ നിന്ന് യു.പി മുതൽ ഹൈസ്കൂൾ വരെ ടി.സി വാങ്ങി പോയ 18 കുട്ടികളെ ഒഴിവാക്കി 2023-24 തസ്തിക നിർണ്ണയം പുനഃക്രമീകരിക്കുന്നതാണ് എന്ന് പാലക്കാട് ജില്ല വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഈ സാഹചര്യത്തിൽ മേൽ പ്രസ്താവിച്ച പ്രകാരം ടി.സി വാങ്ങിപോയ 18 കുട്ടികളെ ഒഴിവാക്കി പാലക്കാട്, കൊഴിഞ്ഞമ്പാറ സെന്റ് പോൾസ് ഹൈസ്കൂളിലെ 2023-24 വർഷത്തെ തസ്തിക നിർണ്ണയം പുനഃക്രമീകരിക്കുന്നതിനും, സർക്കാരിനുണ്ടായ ബാധ്യതകളിൽ തുടർ നടപടി സ്വീകരിക്കുന്നതിനും പാലക്കാട് ജില്ല വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി ടി സ്കൂൾ മാനേജർ സർക്കാരിൽ സമർപ്പിച്ച പരാമർശം 1 (Ext.P5) പുന പരിശോധനാ ഹർജി തീർപ്പാക്കി അപ്രകാരം ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം 2 വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീജ വി
അഡീഷണൽ സെക്രട്ടറി

പകർപ്പ്:-

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപ ഡയറക്ടർ, പാലക്കാട്.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പാലക്കാട്.
മാനേജർ, സെന്റ് പോൾസ് ഹൈസ്കൂൾ, കൊഴിഞ്ഞമ്പാറ , പാലക്കാട്.
പ്രഥമാദ്ധ്യാപകൻ, സെന്റ് പോൾസ് ഹൈസ്കൂൾ, കൊഴിഞ്ഞമ്പാറ , പാലക്കാട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ, ആഡിറ്റ്), തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

(സർക്കാർ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കാൻ)

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Shahnakumari S L
Date: 27-03-2025 12:18:26

സെക്ഷൻ ഓഫീസർ